# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1519 03.05.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സജി ബഷീറിനെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സിഡ്കോ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഓരോ കേസ്സുകളും ഏതേതു പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും കേസ്സിനാസ്പദമായ കുറ്റകൃത്യങ്ങൾ എന്താണെന്നും ഓരോ കേസ്സിന്റെയും പരാതിക്കാർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;<br><br>(സി) ഓരോ കേസ്സുകളും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ഏതെങ്കിലും കേസ്സുമായി ബന്ധപ്പെട്ട് സജി ബഷീറിനെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ), (ബി), (സി) & (ഡി) | സിഡ്കോ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>(1) സിഡ്കോയിലെ അനധികൃത നിയമനം സംബന്ധിച്ച് ശ്രീ.ദിലീപ് ഫയൽ ചെയ്ത സി.എം.പി. 638/16 നമ്പർ പരാതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്യൂ.വി.39/16/ എസ്.ഐ.യു-1/സിഡ്കോ നമ്പർ പ്രകാരം സത്വരാന്വേഷണം നടത്തി, കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ.സജി ബഷീറിനും, ശ്രീ.പി.സി. കാസിമിനുമെതിരെ വി.സി.2/17/എസ്.ഐ.യു.-1 നമ്പർ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>(2) ഒലവക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥലം അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ച വി.സി.1/2015/ പാലക്കാട് നമ്പർ വിജിലൻസ് കേസ് അന്വേഷണ ഘട്ടത്തിലാണ്.<br>(3) ഇരിഞ്ഞാലക്കുടയിലെ ഇൻഡസ്ട്രിയൽ പ്ലോട്ടുകൾ അനധികൃതമായി കൈമാറ്റം ചെയ്തതിന് സിഡ്കോ മാനേജിംഗ് ഡയറക്ടർ സജി ബഷീറും മാർക്കറ്റിംഗ് മാനേജരായ ജയന്തി കൃഷ്ണനും കൂട്ടുനിന്നതുമൂലം സർക്കാരിന് നഷ്ടം ഉണ്ടായത് സംബന്ധിച്ചും, സിഡ്കോയുടെ ഭൂമി അനധികൃതമായി കൈമാറ്റം നടത്തിയത് സംബന്ധിച്ചും ഉള്ളത് വി.സി. 28/16/ഇൻഡസ്/തൃശ്ശൂർ നമ്പർ വിജിലൻസ് കേസ് അന്വേഷണ ഘട്ടത്തിലാണ്. |

(4) മേനകുളം ടെലികോം സിറ്റി പ്രോജക്റ്റ് സൈറ്റിൽ നിന്നും മണൽ നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് വി.ഇ.11/12/എസ്.ഐ.യു-2 നമ്പർ വിജിലൻസ് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വി.സി/2/14/ എസ്.ഐ.യു-2 എന്ന നമ്പരായി സജി ബഷീറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(5) Ptn. No.28/Camp/DV/ VACB/15 എന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സജി ബഷീറിനെതിരെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം സംബന്ധിച്ച് ക്യു.വി.10/15/എസ്.സി.റ്റി. നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി.4/16/ എസ്.സി.റ്റി./സിഡ്കോ നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ.